# വിപരീതാവസ്ഥകളെ മറികടന്ന് വിജയം കണ്ടെത്തിയ രാധാമണി രവിയുടെ അനുഭവങ്ങൾ...

പ്രതിസന്ധിഘട്ടം കടന്ന് വിജയം സ്വന്തമാക്കിയ വനിതകൾ

സ്ത്രീശക്തി

■ ആശ. എസ്. പണിക്കർ



# നിശബ്ദ പോരാളി

ചേർത്തല പാരഡൈസ് തിയേറ്ററിൽ ഇഷ്ക്ക് സിനിമയുടെ മാറ്റിനി ഷോ. ഇടവേളയ്ക്കു മുമ്പ് വില്ലൻ തന്റെ കാമുകിയെ അപമാനിച്ചു എന്നു കരുതി അവളിൽ നിന്നകലുന്ന സച്ചി എന്ന ചെറുപ്പക്കാരൻ. ക്ളൈമാക്സിൽ തന്റെ കാമുകിക്ക് ചാരിത്രശുദ്ധിയുണ്ടെന്ന് മനസിലാക്കിയ കാമുകൻ സച്ചി പഴയ പിണക്കങ്ങളും തെറ്റിദ്ധാരണയുമെല്ലാം മറന്ന് അവളുടെ വിരലിൽ ഒരു മോതിരമണിയിക്കാൻ ഒരുങ്ങുന്നു. കാമുകി വസുധ ആദ്യം തന്റെ കൈ നീട്ടുന്നുണ്ടെങ്കിലും പിന്നീട് നടുവിരൽ ഒഴികെ ബാക്കി വിരലുകളും മടക്കുന്നു. അമ്പരന്നു നിൽക്കുന്ന കാമുകന്റെ മുഖത്തു നോക്കി ആ നടുവിരൽ ഉയർത്തി നിശബ്ദം പോയി പണി നോക്കാൻ പറയുന്ന വസുധ. അഭിശപ്തമായ ഒരു രാത്രിയിൽ ആഭാസൻമാരുടെ സദാചാര ഗുണ്ടായിസത്തിനു മുന്നിൽ അകപ്പെടേണ്ടി വന്നപ്പോൾ ഒരു ചെറുവിരൽ കൊണ്ടു പോലും അവരെ എതിർക്കാതിരിക്കുകയും പിന്നീട് അവളുടെ ചാരിത്രശുദ്ധിയെ സംശയിക്കുകയും ദിവസങ്ങൾക്കു ശേഷം അവൾക്ക് ഒരു വിധ പോറലുമേറ്റിട്ടില്ല എന്നു മനസിലാക്കിയപ്പോൾ വിവാഹമോതിരവുമായി വന്ന കാമുകനെ തെല്ലും കുറ്റബോധമില്ലാതെയും  തികഞ്ഞ തന്റേടത്തോടെയും നിരാകരിക്കുന്ന പുതിയ കാലത്തെ പെണ്ണിനെ നിറഞ്ഞ കരഘോഷത്തോടെ പ്രേക്ഷകർ സ്വീകരിക്കുന്നതു കണ്ടപ്പോൾ രാധാമണിയെന്ന അമ്പത്തൊമ്പതുകാരിയായ അമ്മ തിയേറ്ററിലെ ഇരുട്ടിലിരുന്ന് സന്തോഷം കൊണ്ട്. കരഞ്ഞു.

ഇരുപത്തിമൂന്ന് വർഷങ്ങൾക്കു മുമ്പ് താൻ നേരിടേണ്ടി വന്ന തുറിച്ചുനോട്ടങ്ങളെയും മുൾമുനയുള്ള വാക്കുകൾ കൊണ്ടേറ്റ മുറിവുകളും ദ്വയാർത്ഥ ചുവയുള്ള പരിഹാസവും നൽകിയ വേദനകളുമെല്ലാം ഒരു നിമിഷം രാധാമണി ഓർത്തു പോയി.  എത്ര തവണ ചവിട്ടി തൂത്തെറിഞ്ഞാലും ചാരിത്രശുദ്ധിയെ സംശയിച്ചാലും അഗ്നിശുദ്ധി കൈവരിച്ചു വരാൻ ആവശ്യപ്പെട്ടാലും ഒടുവിൽ ഒരു താലിയോ വിവാഹമോതിരമോ വച്ചു നീട്ടുമ്പോൾ അതുവരെ ഏൽക്കേണ്ടി വന്ന എല്ലാ മാനസിക വ്യഥകളും മറന്ന് പുരുഷന്റെ മുന്നിൽ ശിരസു താഴ്ത്തുന്ന ആ പഴയ കുലസ്ത്രീ മോഡൽ പെണ്ണിനെയാണ് മലയാള സിനിമയ്ക്ക് ഏറെ പരിചയം. ആ സ്ഥാനത്ത്  തന്റെ അഭിമാനം ഇരുട്ടിന്റെ മറവിൽ ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പോലും നിശബ്ദത പാലിച്ച കാമുകനെ നടുവിലുയർത്തി എനിക്കു നിന്നെ വേണ്ട എന്നു പറയാൻ കെൽപുള്ള വസുധയെ പോലെ കരുത്തുറ്റ ഒരു പെൺ കഥാപാത്രത്തെ മലയാള സിനിമയ്ക്കായി സൃഷ്ടിച്ച രതീഷ് രവി എന്ന തിരക്കഥാകൃത്തിന്റെ  അമ്മയാണ് രാധാരവി. അതുകൊണ്ടു തന്നെ വസുധയെ നെഞ്ചോടടുക്കി തിയേറ്റർ വിടുമ്പോൾ രാധാമണിക്ക് അഭിമാനമായിരുന്നു.



രാധാമണി

അതേ. കേരളത്തിലെമ്പാടും ഇപ്പോൾ ഇഷ്ക്ക് എന്ന സിനിമയും അതിലെ പെൺകഥാപാത്രത്തിന്റെ യഥാർത്ഥ നവോത്ഥാനവും ചർച്ച ചെയ്യപ്പെടുകയാണല്ലോ. രതീഷ് രവി എന്ന തിരക്കഥാകൃത്തിന്റെ രണ്ടാമത്തെ സിനിമയാണ് ഇഷ്ക്ക്. സ്ത്രീശാക്തീകരണത്തിന്റെ കാലത്ത് വസുധയെ പോലെ തന്റേടിയായ ഒരു പെണ്ണിനെ സൃഷിടിക്കുന്നതിൽ രതീഷിന് അനുഭവങ്ങൾ നൽകിയത് രാധാമണിയെന്ന അമ്മയുടെ ജീവിതവഴികളിലെ സഹനമായിരുന്നു. അവരുടെ അതിജീവനത്തിന്റെ പാതയിലെ കനലുകൾ പൊള്ളിക്കുന്ന അക്ഷരങ്ങളായി അവർ മകന്റെ മനസിൽ കോരിയിടുകയായിരുന്നു.

ആലപ്പുഴ ജില്ലയിൽ ചേർത്തല ചേന്നംപള്ളിപ്പുറം പഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിലെ രാധാമണി രവിക്ക് അകാലത്തിൽ നേരിടേണ്ടി വന്ന വൈധവ്യത്തിന്റെ ആഘാതം മറികടക്കാൻ കഴിഞ്ഞത് മനക്കരുത്തു കൊണ്ട് മാത്രമാണ്. ആത്മവിശ്വാസത്തിന് കൂച്ചുവിലങ്ങിടാനെത്തിയ തുറിച്ചു നോട്ടങ്ങളെ തെല്ലും വകവയ്ക്കാതെ എനിക്ക് ജീവിച്ചേ പറ്റൂ എന്ന് പറയാതെ പറഞ്ഞും വൈകി ബസിൽ വന്നിറങ്ങുമ്പോൾ  സംശയം നിഴലിക്കുന്ന കണ്ണുകളോടെ നേരിടുന്ന സദാചാരവാദികളോട് പോയി നിങ്ങളുടെ കാര്യം നോക്കൂ എന്ന് ശരീര ഭാഷയിലൂടെ പറയാതെ പറഞ്ഞ് മുന്നോട്ട് നടന്ന സ്ത്രീ. അമ്മയുടെ കരുത്ത് മകൻ രതീഷ് രവി ഇരുപത്തി മൂന്നു വർഷങ്ങൾക്കു ശേഷം തന്റെ തിരക്കഥയിലെ നായികാ കഥാപാത്രത്തിനു നൽകിയത് കാലത്തിന്റെ കാവ്യനീതിയാകാം. അതിൽ ഉള്ളാലെ സന്തോഷിക്കുമ്പോഴും ജീവിതയാത്രയുടെ പാതിവഴിയെത്തും മുമ്പു തന്നെ പാതിജീവൻ വേർപെട്ടതിന്റെ വേദന അവരുടെ മനസിൽ ഇന്നുമുണ്ട്. ജീവിതത്തിന്റെ സന്തോഷകരമായ എല്ലാ സ്പന്ദനങ്ങളും ഒരു നിമിഷം കൊണ്ട് നിശ്ചലമായതിന്റെ വേദന അറിഞ്ഞ സ്ത്രീയാണ് രാധാമണി. അവരുടെ തന്നെ ഭാഷയിൽ പറഞ്ഞാൽ ഒരു ദോശ മറിച്ചിടാൻ എടുക്കുന്ന സമയത്തിനുള്ളിൽ ജീവിതമാകെ തകിടം മറിയുന്ന അവസ്ഥ. കൃത്യമായി പറഞ്ഞാൽ 1996 ഡിസംബർ എട്ടാം തീയതി രാവിലെ ആറേകാലിന്. ഇനി അൽപം ഫ്ളാഷ് ബാക്ക്

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി പഞ്ചായത്തിൽ വേലായുധന്റെയും ജാനമ്മയുടെയും മകളായിട്ടാണ് രാധാമണിയുടെ ജനനം. രണ്ട് സഹോദരൻമാരും ഒരു സഹോദരിയും അടങ്ങുന്ന കുടുംബം. അച്ഛന് കൃഷിപ്പണിയായിരുന്നു. കണിച്ചുകുളങ്ങര ഹൈസ്കൂളിലാണ് പത്താംക്ളാസ് വരെ പഠിച്ചത്. ഇരുനൂറ്റിപ്പത്ത് മാർക്കു വാങ്ങി പത്താംക്ളാസ് ജയിച്ചു. കൂടുതൽ പഠിക്കാൻ നിവൃത്തിയുണ്ടായിരുന്നില്ല. അച്ഛൻ കൃഷി ചെയ്ത് ഉണ്ടാക്കുന്ന കപ്പയോ അരിയോ മാത്രം ആശ്രയിച്ചുള്ള ജീവിതം. വീട്ടുജോലികൾ എല്ലാം ചെയ്യണം. കൂടാതെ സ്കൂളിൽ പോകുന്നതിനു മുമ്പും അതിനു ശേഷവും വന്ന് കയർ പിരിക്കണം. അത് അടുത്തുള്ള ചന്തയിൽ കൊടുത്താൽ അതിന് അരിയോ ഉണക്കക്കപ്പയോ ഗോതമ്പു പൊടിയോ കിട്ടും. അതുകൊണ്ട് വിശപ്പടക്കാനുള്ള ഭക്ഷണം ഉണ്ടാക്കും. ചോറും കറിയും എപ്പോഴുമൊന്നുമുണ്ടാവുകയില്ല. മിക്കവാറും ഗോതമ്പുപൊടികൊണ്ട് അപ്പമുണ്ടാക്കി കഴിക്കും. സ്കൂളിൽ ചെല്ലുമ്പോൾ കൂട്ടുകാരുടെ കറികൾ കൂട്ടിയാണ് ഊണുകഴിക്കാൻ സാധിക്കുന്നത്. നല്ല ആഹാരത്തിനും വസ്ത്രത്തിനുമെല്ലാം ഏറെ ആഗ്രഹിച്ചിരുന്നു. ഒരു ഗ്ളാസ് തേയില വെള്ളം പോലും കുടിക്കാനില്ലാതെ വലഞ്ഞ നാളുകൾ.

വീട്ടിൽ കഷ്ടപ്പാടുകൾ തളർത്തിയപ്പോഴും തന്റെ ആത്മധൈര്യം കൈവിടാൻ രാധാമണി ഒരുക്കായിരുന്നില്ല.  ഊർജ്വസ്വലയായ പെൺകുട്ടിയായിരുന്നു അവർ. സ്പോർട്സിൽ വളരെ മിടുക്കി.  ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാനുള്ള ഓട്ടപ്പാച്ചിലിന്റെ ആധി അവളുടെ കാലിലും പടർന്നിരിക്കണം. പങ്കെടുക്കുന്ന മത്സര ങ്ങളിലെല്ലാം  രാധാമണിയായിരുന്നു എപ്പോഴും മുന്നിൽ.  ജില്ലാതല മത്സരങ്ങളിലൊക്കെ വിജയിച്ചപ്പോൾ സ്കൂൾ അധികൃതർ രാധാമണിയിൽ നല്ലൊരു കായികതാരത്തെ സ്വപ്നം കണ്ടു.

സ്പോർട്ട്സ് രംഗത്തു മികവു തെളിയിച്ചാൽ എന്തെങ്കിലും ജോലി തരപ്പെടുത്താമല്ലോ എന്ന പ്രതീക്ഷയിലായിരുന്നു രാധാമണിയും. പക്ഷേ, സംസ്ഥാനതല മത്സരങ്ങൾക്ക് വിടാൻ വീട്ടുകാർ തയ്യാറായില്ല. പെൺകുട്ടികളായാൽ വീട്ടിൽ അടങ്ങിയൊതുങ്ങി കഴിയണം എന്നതായിരുന്നു അച്ഛന്റെ നിലപാട്. സ്കൂളിലെ അധ്യാപകർ എത്ര തന്നെ നിർബന്ധിച്ചിട്ടും അച്ഛൻ വഴങ്ങിയില്ല. രാധാമണിക്ക് വളരെ വിഷമം തോന്നിയെങ്കിലും അച്ഛനോട് നേരിട്ടു പറയാൻ കഴിഞ്ഞില്ല.

അന്നൊക്കെ പത്താം ക്ളാസ് കഴിഞ്ഞാൽ കോളജിൽ പോകാൻ നിവൃത്തിയില്ലാത്ത പെൺകുട്ടികൾ ടൈപ്പും തയ്യലുമാണ് പഠിക്കാൻ പോവുക. രാധാമണിയും ആ വഴിക്കു തന്നെ പോയി. അങ്ങനെ കുറേ നാൾ കഴിഞ്ഞപ്പോൾ രാധാമണിക്ക് പലയിടത്തു നിന്നും വിവാഹാലോചനകൾ വന്നു തുടങ്ങി. അധികം താമസിയാതെ ഫോട്ടോഗ്രാഫറായിരുന്ന രവീന്ദ്രനുമായുള്ള വിവാഹം നടന്നു. മക്കളായ രാജേഷ്, രതീഷ് എന്നിവർ ജനിച്ചതോടെ ജീവിതത്തിൽ കൂടുതൽ സന്തോഷമായി.

''ചേട്ടന്റെ മാതാപിതാക്കളുടെ നിർബന്ധം മൂലമാണ് ഞാൻ സ്റ്റുഡിയോയിലെ ജോലികൾ ഏറ്റെടുക്കുന്നത്. ഫോട്ടോയെടുക്കാനും അതിന്റെ പ്രിന്റെടുത്ത് ഡാർക്ക് റൂമിൽ കഴുകി ഉണക്കി കട്ട് ചെയ്ത് കൊടുക്കാനുമെല്ലാം ഞാൻ പഠിച്ചു. ഭർത്താവ് കല്യാണത്തിന്റെ ഫോട്ടോ എടുക്കും. ഞാൻ അതിന്റെ ആൽബം സെറ്റ് ചെയ്ത് കൊടുക്കും. ക്രമേണ എനിക്ക് ഫോട്ടോഗ്രാഫിയോട് താൽപര്യം വന്നു. പിന്നീട് ഞങ്ങൾ വേറെ മാറി.  സ്റ്റുഡിയോയിൽ പോയാലും കൃഷിപ്പണിക്ക് കുറവൊന്നുമില്ലായിരുന്നു.

എന്നാലും ജീവിതം സന്തോഷപ്രദമായിരുന്നു.'

രണ്ടു മക്കളും  ഭർത്താവ് രവീന്ദ്രനും  മാതാപിതാക്കളുമൊത്തായിരുന്നു രാധാമണിയുടെ താമസം. സ്റ്റുഡിയോയിൽ ധാരാളം വർക്കുള്ള സമയം. അന്ന് കല്യാണ ഫോട്ടോയെടുക്കാൻ രാവിലെ തന്നെ രവീന്ദ്രൻ റെഡിയായി. രാധാമണി ചുട്ടുകൊടുത്ത ദോശയും കാപ്പിയും കഴിച്ച് അയാൾ സ്കൂട്ടറിൽ കയറി യാത്ര പറഞ്ഞു പോയി. പത്തുവയസുകാരനായ ഇളയ മകൻ രതീഷ് പാട്ട് പ്രാക്ടീസ് ചെയ്യുകയായിരുന്നു അപ്പോൾ. ഭർത്താവ് പോയി അൽപ സമയം കഴിഞ്ഞ് തിണ്ണയിലേക്ക് ചെല്ലുമ്പോൾ മുറ്റത്തിനു വെളിയിലെ വഴിയിലെല്ലാം അങ്ങിങ്ങായി ആളുകൾ നിൽക്കുന്നു.

രാധാമണി അന്നത്തെ ദിവസം ഓർത്തെടുത്തു.

''ആളുകൾ നിൽക്കുന്നതു കണ്ട് ഞാൻ ചെന്ന് ചോദിച്ചപ്പോൾ ഒന്നുമില്ലെന്നു പറഞ്ഞ് അവരെല്ലാം ഒഴിഞ്ഞു മാറി. എനിക്കൊന്നും മനസിലായില്ല. ഞാൻ വീണ്ടും വീടിനകത്തേക്ക് പോയി. കുറേ കഴിഞ്ഞ് നോക്കുമ്പോൾ അടുത്ത വീടുകളിലും വഴിയിലുമെല്ലാം ആളുകൾ. എനിക്കെന്തോ വല്ലായ്ക തോന്നി. ചോദിച്ചിട്ട് ആരും ഒന്നും പറയുന്നില്ല. അപ്പോൾ വീടിനടുത്തുള്ള ഒരാൾ വന്ന് രവീന്ദ്രൻ സ്കൂട്ടറിൽ നിന്ന് താഴെ വീണെന്നും ആശുപത്രിയിൽ എത്തിച്ചിരിക്കുകയാണെന്നും വേഗം വരണമെന്നും പറഞ്ഞു. എന്റെ നെഞ്ചിൽ  ഒരു കൊള്ളിയാൻ മിന്നും പോലെ തോന്നി.

ഞാൻ പെട്ടെന്നു തന്നെ അച്ഛനെയും കൂട്ടി ആശുപത്രിയിലേക്ക് പോയി. അവിടെ എത്തിയപ്പോഴാണ് എനിക്കാ സത്യം മനസിലായത്. എന്റെ ഭർത്താവ് ഞങ്ങളെ വിട്ടു പോയിരിക്കുന്നു. ഒരു നിമിഷം കൊണ്ട് ജീവിതമാകെ ഇരുളടഞ്ഞതു പോലെ തോന്നി. ആരൊക്കെയോ ചേർന്ന് ഞങ്ങളെ വീട്ടിലെത്തിച്ചു. ഉച്ചയ്ക്കാണ് മൃതദേഹം കൊണ്ടു വന്നത്. ഇത്തിരി സമയം കൊണ്ട് ജീവിതം തകർന്നടിയുന്നതിന്റെ ദു:ഖം ഞാനറിഞ്ഞു. അദ്ദേഹത്തിന്റെ മരണശേഷം മൂന്നു മാസത്തോളം ഞാൻ സ്റ്റുഡിയോ തുറന്നതേയില്ല. അതിനുള്ള മന:സാന്നിധ്യമില്ലായിരുന്നു എന്നതാണ് സത്യം.

അപ്പോൾ സുഹൃത്തുക്കൾ വന്ന് 'എന്നും നീ ഇങ്ങനെ കരഞ്ഞു കൊണ്ടിരുന്നാൽ പോര, സ്റ്റുഡിയോ തുറക്കണം, അത് പഴയതിനേക്കാൾ ഭംഗിയായി നടത്തിക്കൊണ്ടു പോകണം.' എന്നു പറഞ്ഞു. എന്തു സപ്പോർട്ടു വേണമെങ്കിലും തരാമെന്നും പറഞ്ഞു. അങ്ങനെ ഞാൻ വീണ്ടും സ്റ്റുഡിയോ തുറന്നു. ആദ്യമൊക്കെ എനിക്കു വലിയ വിഷമമായിരുന്നു. സ്റ്റുഡിയോയിൽ മുഴുവൻ അദ്ദേഹത്തിന്റെ ഓർമകൾ മാത്രമായിരുന്നു. പലപ്പോഴും സങ്കടം സഹിക്കാൻ കഴിയാതെ ഞാൻ കരഞ്ഞു തളർന്നു പോയിട്ടുണ്ട്. എന്നാലും എനിക്ക് ഉയിർത്തെണീക്കാതെ വയ്യായിരുന്നു. കാരണം എന്നെ ആശ്രയിച്ച് ഒരു കുടുംബമുണ്ട്. പ്രായമായ മാതാപിതാക്കൾ, മക്കളുടെ പഠനം അങ്ങനെ പലതും. എന്തു പ്രതിസന്ധികൾ വന്നാലും അതെല്ലാം നേരിടാൻ തന്നെ ഞാനുറച്ചു' രാധാമണി പറയുന്നു.

ഇരുപത്തി മൂന്ന് വർഷങ്ങൾക്കു മുമ്പ് സംശയത്തിന്റെ ഒരായിരം മുൾമുനകൾ കൂർപ്പിച്ച നിശബ്ദ നോട്ടങ്ങൾകൊണ്ട് മുറിവേറ്റ സ്ത്രീയാണ് രാധാമണിയും. രാധാമണിക്ക് മുപ്പത്തിയാറു വയസുള്ളപ്പോഴാണ് ഭർത്താവ് മരിക്കുന്നത്. വിവാഹിതയായ ഒരു സ്ത്രീയുടെ ചെറുപ്രായം. ഭർത്താവ് മരിച്ച ശേഷം ആദ്യമെല്ലാം രാധാമണിക്ക് നേരെ സഹതാപ വർഷമായിരുന്നു. എന്നാൽ പതുക്കെ പതുക്കെ അതു മാറാൻ തുടങ്ങി. ആളുകളുടെ കാഴ്ചപ്പാടിലും നോട്ടത്തിലും സംസാരത്തിലുമെല്ലാം വ്യത്യാസം വരുന്നത് രാധാമണിയറിഞ്ഞു. ആളുകൾക്ക് ഒരകൽച്ച പോലെ.



'മംഗള കാര്യങ്ങളിലൊന്നും എന്നെ പങ്കെടുപ്പിക്കില്ല. ഞാൻ രാവിലെ സ്റ്റുഡിയോയിലേക്ക് പോകും. ജോലിയെല്ലാം തീരുമ്പോൾ സന്ധ്യ കഴിയും. രാത്രി എട്ടുമണിയോടെയാണ് വീട്ടിലെത്തുക. ബസിറങ്ങുമ്പോൾ റോഡിൽ നിൽക്കുന്നവരുടെ തുറിച്ചു നോട്ടങ്ങൾ. ഇത്രയും സമയം എവിടെയായിരുന്നു എന്ന സംശയം നിഴലിക്കുന്ന നോട്ടങ്ങൾ. ഞാൻ നിറമുള്ള വസ്ത്രങ്ങൾ ധരിക്കുന്നു. പൊട്ടു തൊടുന്നു. രാവിലെ ജോലിക്കു പോകുന്നു. കരുത്തോടെ കാര്യങ്ങൾ നടത്തുന്നു. ഒരു സ്ത്രീ തന്റേടത്തോടെ നിന്ന് ജീവിതം കരുപ്പിടിപ്പിക്കുന്നതു കാണാൻ അസഹ്യതയുള്ള മനുഷ്യരായിരുന്നു ചുറ്റും. അവർക്കെല്ലാം ഞാൻ എന്നും കരഞ്ഞു വീട്ടിലിരുന്നിരുന്നെങ്കിൽ കുഴപ്പമില്ലായിരുന്നു. ആത്മവിശ്വാസത്തോടെ പ്രതിസന്ധിയെ നേരിടാൻ ഉറച്ചപ്പോൾ സഹതാപവുമായി നിന്നവരുടെ പുരികം ചുളിഞ്ഞു. അത്തരക്കാരെ ഞാൻ അവഗണിക്കാൻ തുടങ്ങി. നമ്മുടെ ജിവിതമാണ് വലുത്. മറ്റുള്ളവർ എന്തു വിചാരിക്കും എന്നോർത്തു വേവലാതിപ്പെട്ടിരുന്നാൽ സ്വസ്ഥത ലഭിക്കില്ല. സദാചാര പോലീസ് ചമയുന്നവർക്ക് വേണ്ടതും അതാണ്. വിരട്ടലിൽ പേടിക്കില്ല എന്നു കാണുമ്പോൾ താനേ പൊയ്ക്കൊള്ളും.' രാധാമണി പറയുന്നു.

2001ൽ കുടുംബശ്രീയിൽ അംഗമായ രാധാമണി, അതിക്രമങ്ങളും പീഡനങ്ങളും നേരിടേണ്ടി വരുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ അഭയകേന്ദ്രം-സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്കിന്റെ ഭാഗമായി. ഗാർഹിക പീഡനം സഹിക്കാനാകാതെ ആത്മഹത്യയുടെ വക്കിലെത്തിയ നിരവധി സ്ത്രീകളെയാണ് രാധാമണി മുൻകൈയെടുത്ത് ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടു വന്നത്. തിരിഞ്ഞു നോക്കുമ്പോൾ ഏറെ സന്തോഷവും സംതൃപ്തിയുമുണ്ടെന്ന് രാധാമണി പറയുന്നു. നല്ല വീടു പണിതു.  സ്റ്റുഡിയോയിൽ നിന്നുള്ള വരുമാനവും കൃഷി ചെയ്തു കിട്ടുന്നതും കൂട്ടി വച്ച് മക്കളെ പഠിപ്പിച്ചു. മഞ്ഞൾ കൃഷിയിലെ മികവിന് മികച്ച കർഷകയ്ക്കുള്ള പഞ്ചായത്തിന്റെ അംഗീകാരം ലഭിച്ചു. വാടകയ്ക്കു നടത്തിയിരുന്ന ശ്രീകല സ്റ്റുഡിയോ പതിമൂന്ന് ലക്ഷം രൂപ കൊടുത്ത് സ്വന്തമാക്കി. മൂത്ത മകൻ രതീഷ് ഡിഗ്രികഴിഞ്ഞ് ഫിലിം എഡിറ്റിങ്ങ് പഠനം പൂർത്തിയാക്കിയ ശേഷം പൂർണമായും വായനയിലേക്കും സ്ക്രിപ്റ്റ് റൈറ്റിംഗിലേക്കും തിരിയുകയായിരുന്നു. ഇളയ മകന്റെ വിവാഹം അടുത്തു തന്നെയുണ്ടാകും. എല്ലാം കൊണ്ടും മനസിന് സന്തോഷം മാത്രം. ●

## പുസ്തകപ്പച്ച




**മായാമനുഷ്യൻ**
**(നോവൽ)**
■ **എൻ. പ്രഭാകരൻ**

മാതൃഭൂമി ബുക്സ്




**കാറ്റിമ**
**(നോവൽ)**
■ **ജയൻ ശിവപുരം**

മാതൃഭൂമി ബുക്സ്




**ഹൈഡ്രേഞ്ചിയ**
**(നോവൽ)**
■ **ലാജോ ജോസ്**

മാതൃഭൂമി ബുക്സ്




**സൂസന്നയുടെ ഗ്രന്ഥപ്പുര**
**(നോവൽ)**
■ **അജയ് പി. മങ്ങാട്ട്**

മാതൃഭൂമി ബുക്സ്